**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4878** **20-03-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ നിലനിർത്തുന്നതിനുള്ള ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ നിലനിർത്തുന്നതിനുള്ള അടിയന്തര സഹായം വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 23.02.2024 ലെ സ.ഉ.(സാധാ) 1492/ജി ഇ ഡി എൻ. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന്ന് പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്തിരുന്നുവോ; എങ്കിൽ ഇവയുടെ സാങ്കേതിക അനുമതിയുടെയും, ടെൻഡറുകളുടെയും നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) | 23/02/2024 സ.ഉ.(സാധാ) 1492 ജി.ഇ.ഡി.എൻ. ഉത്തരവ് പ്രകാരം 8 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുന്നതിനു പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ടി ഉത്തരവിൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ 8 സ്കൂളുകൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 4202-01-202-79 (P) എന്ന ശീർഷകത്തിൽ ഭരണാനുമതി അനുവദിച്ച് ഉത്തരവായിട്ടും ശീർഷകം മാപ് ചെയ്യാത്തതിനാൽ പ്രവൃത്തി തുടങ്ങാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ശീർഷകം EMLI-ൽ ഉൾപ്പെടുത്തുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, മലപ്പുറം 17/08/2024 തീയതിയിൽ EEBL-DVOMLP/1408/ 2024-A1-PWD നമ്പർ കത്ത് പ്രകാരം കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ കത്ത് നൽകിയിരുന്നു. ഇതേതുടർന്ന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ വകുപ്പ് സെക്രട്ടറിയ്ക്ക് അപേക്ഷ കൈമാറി. അപേക്ഷ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് വിട്ടപ്പോൾ " CCO അല്ലാത്ത പ്രവൃത്തികൾ ഡെപ്പോസിറ്റ് പ്രവൃത്തികൾ ആയാണ് നടത്തിവരുന്നത് എന്നും, നിർദ്ദേശിക്കപ്പെട്ട ശീർഷകത്തിന്റെ CCO, Director General of Education ആയതിനാൽ EMLI ൽ ഉൾപ്പെടുത്തണമെന്ന ആവശ്യം അംഗീകരിക്കാൻ ആകില്ലെന്നും ആണ് അറിയിച്ചത്". ഈ വിവരം കെട്ടിടവിഭാഗത്തിനെ അറിയിക്കുകയുണ്ടായി. |
| (സി) | ഈ കാര്യത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ മലപ്പുറം കാര്യാലയത്തിൽ നിന്നും ചീഫ് എൻജിനീയർ ഓഫീസിലേക്ക് അറിയിപ്പ് നൽകിയിരുന്നോ; വ്യക്തമാക്കുമോ; | (സി) | ശീർഷകം EMLI-ൽ ഉൾപ്പെടുത്തുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, മലപ്പുറം 17/08/2024 തീയതിയിൽ EEBL-DVOMLP/1408/ 2024-A1-PWD നമ്പർ കത്ത് പ്രകാരം കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ |

| | | | |
|---|---|---|---|
| | | | കാര്യാലയത്തിൽ കത്ത് നൽകിയിരുന്നു. ഇതേതുടർന്ന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ വകുപ്പ് സെക്രട്ടറിയ്ക്ക് അപേക്ഷ കൈമാറി. അപേക്ഷ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് വിട്ടപ്പോൾ " CCO അല്ലാത്ത പ്രവൃത്തികൾ ഡെപ്പോസിറ്റ് പ്രവൃത്തികൾ ആയാണ് നടത്തിവരുന്നത് എന്നും, നിർദ്ദേശിക്കപ്പെട്ട ശീർഷകത്തിന്റെ CCO, Director General of Education ആയതിനാൽ EMLI ൽ ഉൾപ്പെടുത്തണമെന്ന ആവശ്യം അംഗീകരിക്കാൻ ആകില്ലെന്നും ആണ് അറിയിച്ചത്". ഈ വിവരം കെട്ടിടവിഭാഗത്തിനെ അറിയിക്കുകയുണ്ടായി. |
| (ഡി) | ഭരണാനുമതി ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും അടിയന്തരമായി ചെയ്യേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാങ്കേതിക അനുമതിയും ടെണ്ടർ നടപടികളും വേഗത്തിൽ പൂർത്തിയാക്കുമോ? | (ഡി) | ശീർഷകം EMLI-ൽ ഉൾപ്പെടുത്തുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, മലപ്പുറം 17/08/2024 തീയതിയിൽ EEBL-DVOMLP/1408/ 2024-A1-PWD നമ്പർ കത്ത് പ്രകാരം കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ കത്ത് നൽകിയിരുന്നു. ഇതേതുടർന്ന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ വകുപ്പ് സെക്രട്ടറിയ്ക്ക് അപേക്ഷ കൈമാറി. അപേക്ഷ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് വിട്ടപ്പോൾ " CCO അല്ലാത്ത പ്രവൃത്തികൾ ഡെപ്പോസിറ്റ് പ്രവൃത്തികൾ ആയാണ് നടത്തിവരുന്നത് എന്നും, നിർദ്ദേശിക്കപ്പെട്ട ശീർഷകത്തിന്റെ CCO, Director General of Education ആയതിനാൽ EMLI ൽ ഉൾപ്പെടുത്തണമെന്ന ആവശ്യം അംഗീകരിക്കാൻ ആകില്ലെന്നും ആണ് അറിയിച്ചത്". ഈ വിവരം കെട്ടിടവിഭാഗത്തിനെ അറിയിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| നമ്പർ | പ്രവൃത്തികളുടെ പേര് | തുക | പ്രവൃത്തികളുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ഗവ. എച്ച്.എസ്എസ്. മഞ്ചേരി | 15.24 ലക്ഷം | ടെണ്ടർ നടപടികൾ എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചു വരുന്നു. |
| 2 | ഗവ.ജി.വി.എച്ച്.എസ്.എസ്. ഗേൾസ് തിരൂർ | 14.97 ലക്ഷം | 17/03/2025 തീയതിയിൽ ടെണ്ടർ തുറക്കുന്നതാണ് |
| 3 | ഗവ. ജി.എച്ച്.എസ്.എസ്. വാണിയമ്പലം | 29 ലക്ഷം | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 4 | ഗവ. എച്ച്.എസ്.എസ്. മുണ്ടേരി | 20 ലക്ഷം | ടെണ്ടർ നടപടികൾ എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചു വരുന്നു. |
| 5 | ഗവ.എൽ.പി.എസ്. പന്തല്ലൂർ | 29.9 ലക്ഷം | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| 6 | ഗവ.എൽ.പി.എസ്. പുറത്തൂർ | 30.5 ലക്ഷം | ടെണ്ടർ നടപടികൾ എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചു വരുന്നു. |
| 7 | ഗവ.എൽ.പി.എസ്. പോരൂർ | 25 ലക്ഷം | സാങ്കേതിക അനുമതി നൽകുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധനയിലാണ്. |
| 8 | ഗവ.എൽ.പി.എസ്. കാപ്പിൽകാരാട് | 15 ലക്ഷം | ടെണ്ടർ നടപടികൾ എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചു വരുന്നു. |